കേരള സർക്കാർ

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സർക്കുലർ

നം. 60/2023/ധന **തീയതി, തിരുവനന്തപുരം 23.06.2023**

വിഷയം: പ്രിൻസിപ്പൽ ചുമതലയിലില്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഡി. ഡി. ഒ ചാർജ്ജ് - സംബന്ധിച്ച്.

സൂചന : 1. സ.ഉ (സാധാ) നം. 163/2020/ധന തീയതി 22.12.2020
2. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇ ഫയൽ നം. C4/74/2021-G.EDN 1908557
3. സർക്കുലർ നം. 59/2021/ധന തീയതി 23.07.2021.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19.12.2023 ലെ എസിഡി.സി2/219601/2022/ഡി.ജി.ഇ/എച്ച്.എസ്.ഇ നമ്പർ കത്ത്.

പ്രിൻസിപ്പൽ ചുമതലയിലില്ലാത്ത എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും ഡി ഡി ഒ ചുമതല അതത് നിയന്ത്രണാധികാരിയ്ക്ക് നൽകി സൂചന 3 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇത് ഭരണ പരമായ അസൗകര്യം സൃഷ്ടിക്കുന്നുവെന്നും ഈ സാഹചര്യത്തിൽ പ്രിൻസിപ്പൽ ചുമതലയിലില്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഡി. ഡി. ഒ. ചാർജ്ജ് ആർ.ഡി.ഡി ഓഫീസുകളിലെ അക്കൗണ്ട്സ് ഓഫീസർമാർക്ക് നല്കി ഉത്തരവാകണമെന്നും സൂചന പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഭരണപരമായ സൗകര്യം കണക്കിലെടുത്ത് പ്രിൻസിപ്പൽ ചുമതലയിലില്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഡി. ഡി. ഒ ചാർജ്ജ് ആർ.ഡി.ഡി ഓഫീസുകളിലെ അക്കൗണ്ട്സ് ഓഫീസർമാർക്ക് നല്കി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

3. ഇതു സംബന്ധിച്ച നിർദ്ദേശം ട്രഷറി ഡയറക്ടർ എല്ലാ ട്രഷറി ഓഫീസർമാർക്കും അടിയന്തരമായി നൽകേണ്ടതാണ്.

പ്രീത ബി. എസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
5. പൊതുവിദ്യാഭ്യാസ വകുപ്പ് (ഇ-ഓഫീസ് നോട്ടീസ് ബോർഡ് വഴി)
6. ധനകാര്യ (സ്പാർക്ക് പി എം യു) വകുപ്പ്

7. ധനകാര്യ (വിദ്യാഭ്യാസ - ബി) വകുപ്പ്
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E 2440287]

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ